**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4061** **17-03-2025 - ൽ മറുപടിയ്ക്ക്**

**സിന്തറ്റിക് ലഹരിയുടെ ഉപഭോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിന്തറ്റിക് ഡ്രഗ്സിന്റെ ഉപഭോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തേയ്ക്ക് സിന്തറ്റിക് ഡ്രഗ്സ് എത്തുന്നതിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള സിന്തറ്റിക് ഡ്രഗ്സ് ആണ് സംസ്ഥാനത്ത് ഉപയോഗിച്ച് വരുന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | എക്സൈസ് വകുപ്പ് കണ്ടെത്തുന്ന വിവിധ കേസുകളിൽ സംസ്ഥാനത്തേക്ക് എത്തുന്ന സിന്തറ്റിക് ഡ്രഗ്സുകൾ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ കേസുകളുടെ അന്വേഷണങ്ങളിൽ നിന്നും സിന്തറ്റിക് ഡ്രഗ്സുകൾ കൂടുതലും എത്തുന്നത് ബാംഗ്ലൂരിൽ നിന്നാണെന്ന് വ്യക്തമാകുന്നുണ്ട്. എം.ഡി.എം.എ, മെത്താഫിറ്റാമിൻ എന്നീ സിന്തറ്റിക് ഡ്രഗ്സുകളാണ് സംസ്ഥാനത്ത് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. |
| (സി) | ഇത്തരം ലഹരികളുടെ ഉപഭോഗം നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും കടത്തും തടയുന്നതിനായി പതിവ് എൻഫോഴ്സ്മെന്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പുറമേ 'ഓപ്പറേഷൻ ക്ലീൻ സ്റ്റേറ്റ് 'എന്ന പേരിൽ 05.03.2025 മുതൽ 12.03.2025 വരെയുള്ള കാലയളവിൽ ശക്തമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ഈ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പരമാവധി മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കുന്നതിന് പുറമേ ഒളിവിൽപോയ പ്രതികൾ, വാറണ്ട് പ്രതികൾ എന്നിവരെ അറസ്റ്റ് ചെയ്യുന്നതിനും സ്ഥിരം കുറ്റവാളികൾക്കെതിരെ PIT NDPS പ്രകാരമുള്ള കരുതൽ തടങ്കൽ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നതിനായുള്ള വിവിധ ബോധവൽക്കരണ പരിപാടികളും തുടർന്നു വരുന്നു. ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിനായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രഹസ്യ വിവരശേഖരണം മുഖേനയും, പൊതുജനങ്ങളുടെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെയും, സ്വന്തമായും, പോലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെയും ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. പരിശോധനകളും റെയ്ഡുകളും നടത്തുന്നതിനായി ജില്ലകളിൽ രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ പരിശോധനകൾ നടത്തി വരുന്നതിനോടൊപ്പം, മുൻകാല പ്രതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി അവരുടെ നിലവിലെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ച് വരുന്നു. സംസ്ഥാന അതിർത്തികളിൽ ചെക്ക്പോസ്റ്റുകൾ മുഖേനയും, ചെക്ക്പോസ്റ്റ് കൂടാതെയുള്ള റോഡുകളിൽ കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) മുഖേനയും വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. അപ്രതീക്ഷിത ദിവസങ്ങളിലും അവധി ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷനും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ